പ്ലെയിസ്മെന്റ് പോർട്ടൽ

253 (918) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലെയിസ്മെന്റ് പോർട്ടൽ വഴി തൊഴിലവസരങ്ങൾ കണ്ടെത്തുന്ന പദ്ധതി ഐ.ടി.ഐ. കളിൽ നടപ്പാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) എല്ലാ ഐ.റ്റി.ഐ.-കളിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നടപ്പാക്കിയിട്ടുണ്ട്. ജോബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

(ബി) പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നവരുടെ വിവരങ്ങൾ തൊഴിൽദായകർക്ക് സൗകര്യപ്രദമായ രീതിയിൽ ലഭ്യമാക്കുന്ന തരത്തിലാണ് ഇത് സംവിധാനം ചെയ്തിട്ടുള്ളത്. പരിശീലനം നേടിയവർക്ക് അനുയോജ്യമായ തരത്തിലുള്ള തൊഴിൽ ലഭ്യമാക്കുന്നതിന് അവസരമൊരുക്കി തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിന് ഈ പദ്ധതി സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഈ പോർട്ടലിൽ ഏതൊരു ഐ.റ്റി.ഐ. സർട്ടിഫിക്കറ്റുകാർക്കും സൗജന്യമായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കാലാകാലങ്ങളിൽ ഇവർ ആർജ്ജിക്കുന്ന അധിക സ്കിൽ/വിദ്യാഭ്യാസ യോഗ്യതകളും ഇതിനൊപ്പം കൂട്ടി ചേർക്കുന്നതിനുള്ള അവസരവും ഉണ്ട്. തൊഴിൽ ദാതാക്കൾക്കും ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനും അവരുടെ സ്കിൽ ആവശ്യകത വ്യക്തമാക്കുവാനും സംവിധാനമുണ്ട്. തൊഴിൽ അന്വേഷകരെയും തൊഴിൽ ദാതാക്കളെയും ഇടനിലക്കാരുടെ സഹായമില്ലാതെ പരസ്പരം ബന്ധിപ്പിക്കുന്ന കണ്ണിയായി വളരെ പ്രധാനപ്പെട്ട സേവനം ജോബ് പോർട്ടലിലൂടെ ലഭ്യമാകും.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പദ്ധതി പ്രത്യേകിച്ച് ഓരോ ഐ.റ്റി.ഐ.-യിലും നടപ്പാക്കേണ്ട ആവശ്യമില്ല. കമ്പ്യൂട്ടറും ഇന്റർനെറ്റ് സൗകര്യവും ലഭ്യമായ എവിടെനിന്നും ഈ പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതും തൊഴിൽ വിവരം അറിയാവുന്നതുമാണ്. എല്ലാ ഐ.റ്റി.ഐ.-കളിലും ഈ പോർട്ടലിനെ പറ്റി അറിവും വിവരവും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കർഷകത്തൊഴിലാളി ക്ഷേമനിധി പാലക്കാട് ജില്ല

254 (919) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ എത്ര അംഗങ്ങൾ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) അതിവർഷാനുകൂല്യം ലഭിക്കുന്നതിനായുള്ള എത്ര അപേക്ഷകൾ നിലവിൽ തീർപ്പാക്കാനുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ;

(സി) അതിവർഷാനുകൂല്യം, പെൺമക്കളുടെ വിവാഹ ധനസഹായം എന്നിവയ്ക്കായി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിത നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ 285078 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 26560 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. ടി അപേക്ഷകൾ തീർപ്പാക്കുന്നതിലേയ്ക്കായി ഏകദേശം 25, 23,20,000 രൂപയോളം ആവശ്യമുണ്ട്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലാണ് ആനുകൂല്യ വിതരണം നടത്തുന്നതിന് കാലതാമസമുണ്ടാകുന്നത്.

(സി) പാലക്കാട് ജില്ലയിൽ 25-2-2010 മുതൽ ലഭിച്ച 26560 അതിവർഷാനുകൂല്യ അപേക്ഷകളും 6-3-2010 മുതൽ ലഭിച്ച 8862 വിവാഹ ധനസഹായ അപേക്ഷകളും തീർപ്പാക്കാനുണ്ട്. ഇതിലേയ്ക്കായി ഏകദേശം 27 കോടി രൂപയോളം ആവശ്യമാണ്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തമൂലം ബോർഡിന് ആനുകൂല്യങ്ങൾ യഥാസമയം കൊടുത്തുതീർക്കുന്നതിന് കഴിയുന്നില്ല. 2015 ഏപ്രിൽ 30-ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തൊട്ടാകെ വിവിധ ആനുകൂല്യമിനത്തിൽ 287857 അപേക്ഷകളിലായി ഏകദേശം 233.30 കോടി രൂപയോളം ബോർഡിന് കുടിശ്ശികയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly